**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
E-mail:vig.vacb@kerala.gov.in
**ഫോൺ നം. 0471-2305393**
**തീയതി 23.11.2024**

# "സാമ്പത്തിക ക്രമക്കേട്:- തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ ക്ലാർക്കിനെ കഠിന തടവിന് ശിക്ഷിച്ചു."

തിരുവിതാംകൂർ ദേവസ്വം ബോർഡ് തിരുവനന്തപുരം ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസിൽ ഹെഡ് ക്ലാർക്കായിരുന്ന ജി. സുരേഷ് കുമാർ സാമ്പത്തിക ക്രമക്കേട് നടത്തിയ കേസിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തി തിരുവനന്തപുരം വിജിലൻസ് കോടതി വിവിധ വകുപ്പുകളിലായി ആകെ 24 വർഷം കഠിന തടവിനും 2,40,000/- രൂപ പിഴ ഒടുക്കുന്നതിനും ഇന്ന് (23/11/2024) ശിക്ഷിച്ചു.

1992-1996 കാലഘട്ടത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് തിരുവനന്തപുരം ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസിലെ മുൻ ഹെഡ് ക്ലാർക്കായിരുന്ന ജി സുരേഷ് കുമാർ 2,78,233/- രൂപയുടെ സാമ്പത്തിക ക്രമക്കേട് നടത്തിയതിലേക്ക് തിരുവനന്തപുരം വിജിലൻസ് യൂണിറ്റ് രജിസ്റ്റർ ചെയ്ത്, അന്വേഷണം നടത്തി, കുറ്റപത്രം നൽകിയ രണ്ട് കേസുകളിലാണ് വിവിധ വകുപ്പുകളിലായി ആകെ 24 വർഷം കഠിന തടവിനും 2,40,000/- രൂപ പിഴ ഒടുക്കുന്നതിനും തിരുവനന്തപുരം വിജിലൻസ് കോടതി ജഡ്ജ് ശ്രീ. രാജകുമാര. എം.വി ഇന്ന് (23/11/2024) ശിക്ഷിച്ചത്. ശിക്ഷ ഒന്നിച്ച് അനുഭവിച്ചാൽ മതിയെന്നും വിധിന്യായത്തിൽ പറയുന്നു. പ്രതിയെ റിമാന്റ് ചെയ്ത് ജയിലിലടച്ചു. പ്രോസിക്യൂഷനുവേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. രഞ്ജിത് കുമാർ. എൽ.ആർ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ജനങ്ങളോട് അഭ്യർത്ഥിച്ചു.